LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണം

34 [2519] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002, 2003 വർഷങ്ങളിൽ സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണമാണ് കേരളാ പോലീസ് ഭവന നിർമ്മാണ കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നതെന്ന് പറയാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് അനുവദിച്ചിരുന്ന തുകയും അതിൽ കൊടുത്ത തുകയും സംബന്ധിച്ച വിശദാംശം പറയാമോ;

(സി) നിശ്ചയിച്ചതിൽ എത്ര പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം ഇപ്പോൾ പൂർത്തിയാക്കിയെന്നും, ശേഷിക്കുന്നവ ഏതു ഘട്ടത്തിലാണെന്നും പറയാമോ;

(ഡി) ഇക്കാര്യത്തിൽ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ചയ്ക്കു കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2002, 2003 വർഷങ്ങളിൽ സംസ്ഥാനത്തെ 101 പോലീസ് സ്റ്റേഷന്റെയും 7 ട്രാഫിക് സ്റ്റേഷന്റെയും കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളാ പോലീസ് ഭവന നിർമ്മാണ കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു.

(ബി) പതിനൊന്നാം ധനകാര്യ കമ്മിഷൻ അവാർഡിൽ ഉൾപ്പെടുത്തി 1200 ലക്ഷം രൂപയും പോലീസ് സേനാ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 62 ലക്ഷം രൂപയും അനുവദിച്ചു.

(സി) ഇതുവരെ '18' സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാകുകയും 56 സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.

(ഡി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതയില്ലായ്മ, സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കാനുള്ള കാലതാമസം, ടി സ്ഥലങ്ങളിൽ ഉണ്ടായിരുന്ന പഴകിയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റൽ, ടി സ്ഥലങ്ങളിൽ ഉള്ള വൃക്ഷങ്ങൾ വനം വകുപ്പുമായി ബന്ധപ്പെട്ട് ലേലം ചെയ്ത് നീക്കൽ എന്നീ കാരണങ്ങൾ മൂലമുണ്ടായ കാലതാമസത്തിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുവാൻ സാധിച്ചിട്ടില്ല.

പാനൂർ പോലീസ് ക്വാർട്ടേഴ്സ് പുതുക്കിപ്പണിയാൻ നടപടി

35 [2520] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്കും, പോലീസുകാർക്കും താമസിക്കാനുള്ള ക്വാർട്ടേഴ്സ് പഴകിയതും ചോർന്നൊലിക്കുന്നതുമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാനൂർ പോലീസ് ക്വാർട്ടേഴ്സുകൾ പുതുക്കി ഫ്ളാറ്റ് രൂപത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് താമസ സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പാനൂരിൽ ഒരു ബ്ലാരക്ക് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഫ്ളാറ്റ് രൂപത്തിലുള്ള നാല് ക്വാർട്ടേഴ്സുകൾ, പോലീസുകാർക്ക് വേണ്ടിയും, രണ്ട് ക്വാർട്ടേഴ്സ് ഓഫീസർക്ക് വേണ്ടിയും നിർമ്മാണം നടന്നുവരുന്നുണ്ട്.

ഇടുക്കി ജില്ലയിലെ പുതിയ പോലീസ് സ്റ്റേഷനുകളും തസ്തികകളും

36 [2521] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയ്ക്കു അനുവദിച്ച മുട്ടം, ഉടുമ്പൻചോല, തങ്കമണി, വാഗമൺ, മള്ളരിങ്ങാട്, മാങ്കുളം എന്നീ പോലീസ് സ്റ്റേഷനുകൾ അടിയന്തിരമായി ആരംഭിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ പുതുതായി രൂപീകരിച്ച കട്ടപ്പന, മൂന്നാർ ട്രാഫിക് യൂണിറ്റുകളിലേയ്ക്കും സ്പെഷ്യൽ ബ്രാഞ്ചുകളിലേയ്ക്കും ടൂറിസം പോലീസിലേയ്ക്കും മറ്റു സ്റ്റേഷനുകളിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ എടുത്ത ഡബ്ല്യു.സി-മാരുടെയും പി.സി.-മാരുടേയും തസ്തികകൾ പുതിയതായി അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഇടുക്കി ജില്ലയിൽ വണ്ടൻമേട്, അടിമാലി തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് ഡിപ്പാർട്ട്മെന്റ് വക സ്ഥലം സ്വകാര്യവ്യക്തികൾ കയ്യടക്കിയിട്ടും നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ഇടുക്കി ജില്ലയിലെ മലയോര പ്രദേശങ്ങളിലെ കെ. എസ്. ഇ. ബി. ഗാർഡുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; നിലവിലുള്ളത് മെയിന്റനൻസ് നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ പോലീസ് സ്റ്റേഷനുകൾ ആവശ്യമുള്ളതെന്ന് വിശദമായ പഠനം നടത്തി പുതുക്കിയ മുൻഗണനാ ലിസ്റ്റ് സമർപ്പിയ്ക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ഈ ആവശ്യം പരിശോധിയ്ക്കാവുന്നതാണ്.

(ബി) താൽക്കാലിക അടിസ്ഥാനത്തിൽ വനിതാ പോലീസുകാരേയും, പോലീസുകാരേയും ടി സ്ഥലങ്ങളിൽ നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly